**മധുരമായ കുട്ടികളേ, – ബാബയുടെ ശ്രീമത്തിലൂടെ നടക്കുന്നതിലൂടെ ഉയർന്നവരാകും, രാവണന്റെ നിർദേശത്തിലൂടെ നടക്കുകയാണെങ്കിൽ എല്ലാ മാനവും മണ്ണിൽ പോകും.**

**ചോദ്യം –** ഈശ്വരീയ ജന്മാവകാശം നേടുന്ന അവകാശികളായ കുട്ടികളുടെ അടയാളം കേൾപ്പിക്കൂ?
**ഉത്തരം –** അവകാശികളായ കുട്ടികൾ ഇങ്ങനെയായിരിക്കും –1) പൂർണ്ണമായും ബാബയെ അനുകരിച്ച് നടക്കും. 2) ശൂദ്രന്മാരുടെ കൂട്ടുകെട്ടിൽ നിന്നും സ്വയത്തെ വളരെ–വളരെ സംരക്ഷിക്കും. ഒരിക്കലും അവരുടെ കൂട്ടുകെട്ടിൽ പോയി ബാബയുടെ ശ്രീമത്തിൽ തന്നിഷ്ടം കൂട്ടി ചേർക്കുകയില്ല 3) തന്റെ സത്യം സത്യമായ കണക്ക് ബാബക്ക് കേൾപ്പിക്കും 4) പരസ്പരം ജാഗരൂകരായി ഉന്നതിയിലേക്ക് പോയി കൊണ്ടിരിക്കും 5) ഒരിക്കലും ബാബയുടെ കൈ ഉപേക്ഷിക്കുന്നതിനുള്ള ചിന്ത പോലും വരില്ല

**ഗീതം –** മാതാ ഓ മാതാ അങ്ങ് സർവ്വരുടേയും ഭാഗ്യവിധാതാവാണ്........

**ഓം ശാന്തി**. കുട്ടികൾ ഈ ഗീതം കേട്ടില്ലേ. കാമധേനുവായ ജഗദംബയുടെ വർണ്ണനയാണിത്. ഇത് ജഗദംബയുടെ മഹിമയാണ്. വാസ്തവത്തിൽ ഗുപ്ത രൂപത്തിലുള്ള ബ്രഹ്മപുത്രാ നദിയുമാണ്. പാടുന്നുണ്ട് നീ തന്നെയാണ് മാതാവും പിതാവും.........ശിവബാബ ബ്രഹ്മാവിന്റെ മുഖ കമലത്തിലൂടെയാണ് കുട്ടികൾക്ക് ജന്മം നൽകുന്നത്. അപ്പോൾ മാതാവായില്ലേ. ഇത് ഗുഹ്യമായ കാര്യങ്ങളാണ്. ഈ കാര്യങ്ങൾ ശാസ്ത്രങ്ങളിൽ ഇല്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രിയാണ് ശാസ്ത്രങ്ങൾ. ബാബയിരുന്ന് സർവ്വ ശാസ്ത്രങ്ങളുടേയും സാരമാണ് കേൾപ്പിക്കുന്നത്. ഗീതയെ കുറിച്ച് പറഞ്ഞു തരുന്നു എന്നല്ല. അല്ല, ബാബ സ്വയം ജ്ഞാന സാഗരനാണ്. ഗീതയും ഭാഗവതവുമെല്ലാം ബ്രഹ്മാ ബാബ പഠിച്ചിട്ടുണ്ട് എന്നാൽ ശിവബാബ അതെല്ലാം പഠിച്ചിട്ടുണ്ട് അങ്ങനെയൊന്നും പറയുകയില്ല. ഇല്ല, ബാബ ജ്ഞാനസാഗരനാണ്. പറയുകയാണ് ഞാൻ ഈ മനുഷ്യ സൃഷ്ടിയുടെ ബീജമാണ്. എന്നിൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ബാബ പറയുകയാണ് ഞാൻ ബ്രഹ്മാവിലൂടെ അത് വർണ്ണിക്കുകയാണ്. പിന്നെ ഈ വർണ്ണിച്ച് നൽകിയത് പ്രായ ലോപമാകും. നിങ്ങൾ ഈ ഉണ്ടാക്കുന്ന സത്യമായ ഗീതയുണ്ടല്ലോ അത് പോലും കൈയ്യിലിരിക്കില്ല. ഗീതയെല്ലാം ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രമാണ്, അത് തന്നെ വീണ്ടും വരും. ഈ ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ആർക്കും സദ്ഗതി ലഭിക്കില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ ഏതെല്ലാം അഭിനേതാക്കളാണോ ഉള്ളത്, എല്ലാവരും ആദ്യം ശരീരമില്ലാതെ മുക്തിധാമത്തിലായിരുന്നു പിന്നെ ഇവിടെ വന്ന് ശരീരം ധാരണ ചെയ്ത് വേഷം അഭിനയിക്കുകയാണ്. ഈ അവിനാശി പാർട്ടും ആത്മാവിൽ അടങ്ങിയതാണ്. ഈ സൃഷ്ടി ചക്രവും ഒന്നാണ് ഉള്ളത്, ഇതിന്റെ രചയിതാവും ഒരാളാണ്. ഈ ഒരേയൊരു സൃഷ്ടി ചക്രമാണ് കറങ്ങി കൊണ്ടിരിക്കുന്നത്. ഇത് അവിനാശിയായ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. സത്യയുഗത്തിൽ ദേവി ദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോൾ നിങ്ങൾ വീണ്ടും അങ്ങനെ ആവുകയാണ്. പരംപിതാ പരമാത്മാവ് ബ്രഹ്മാ മുഖത്തിലൂടെ ആദ്യം ബ്രാഹ്മണരുടെ സൃഷ്ടിയാണ് രചിക്കുന്നത്. ആദ്യമാദ്യത്തെ പുതിയ സൃഷ്ടി എന്ന് പറയുന്നത് സംഗമത്തെയാണ്. പഴയതും പുതിയതും. കുടുമി ബ്രാഹ്മണരാണ്, പാദവും കുടുമിയും, ഇതിനെയാണ് സംഗമം എന്ന് പറയുന്നത്. നിങ്ങൾ ബ്രാഹ്മണർ ബാബയോടൊപ്പം ഈശ്വരീയ സേവനം ചെയ്യുകയാണ്. ബാബയും ആത്മാക്കളുടെ സേവനമാണ് ചെയ്യുന്നത്. നിങ്ങളും ആത്മാക്കളുടെ സേവനമാണ് ചെയ്യുന്നത് അർത്ഥം ആരെല്ലാം തമോപ്രധാനമായി മാറിയോ അവരെയെല്ലാം സതോപ്രധാനമാക്കണം. അതിനാൽ ബാബയുടെ ശ്രീമത്തിലൂടെ നടക്കുന്നവരാണ് ഉയർന്നതിലും ഉയർന്ന പദവിയിലേക്ക് പോവുന്നത്. കുട്ടികൾക്ക് ശ്രീമത്തിലൂടെ ശ്രേഷ്ഠരാകണം. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ദേവി ദേവതകളായിരുന്നു, സൂര്യവംശി ചന്ദ്രവംശി ആയിരുന്നു പിന്നെ മായയാണ് നമ്മുടെ അഭിമാനം എടുത്തത്, പൂജ്യനിൽ നിന്നും പൂജാരിയും, പതിതവുമാക്കി മാറ്റി. ശ്രീമത്തിലൂടെ മനുഷ്യൻ ശ്രേഷ്ഠമാകുന്നു പിന്നെ രാവണന്റെ നിർദേശത്തിലൂടെ മുഴുവൻ മാനവും മണ്ണിൽ പോകും. ഇപ്പോൾ വീണ്ടും ശിവബാബയുടെ നിർദേശത്തിലൂടെ നടക്കുകയാണെങ്കിൽ പുതിയ ലോകത്തിൽ ദേവതയാകാം. ഓരോ ചുവടിലും ശ്രീമത്തിലൂടെ നടക്കണം. ഗാന്ധിജിയും പുതിയ ഭാരതം, പുതിയ രാജ്യം വേണമെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷെ പുതിയ ലോകം എന്ന് സത്യയുഗത്തെയാണ് പറയുന്നത്. ഇവിടെ ദിനം പ്രതിദിനം ദു:ഖം വർദ്ധിക്കുകയാണ്. ബാബ പറയുകയാണ് ദു:ഖം വർദ്ധിക്കുക തന്നെ വേണം, അപ്പോഴാണല്ലോ ഞാൻ വരുന്നത്. ഞാൻ നൽകിയ പ്രതിജ്ഞക്ക് അനുസരിച്ച് വീണ്ടും വന്ന് സഹജ രാജയോഗം അഭ്യസിപ്പിക്കുകയാണ്. ശാസ്ത്രങ്ങളെല്ലാം പിന്നീട് വന്നതാണ്. ഈ ഗീതയെല്ലാം അവർ തന്നെ ഉണ്ടാക്കും. ഇപ്പോൾ ഈ വിനാശ ജ്വാലയിൽ എല്ലാം ഇല്ലാതാകും. നിങ്ങൾക്ക് ഈ ചക്രത്തെ കുറിച്ച് അറിയാം. നിങ്ങൾ കുട്ടികൾക്ക് വിദ്യാലയങ്ങളിലും പോയി

ഇത് മനസ്സിലാക്കി കൊടുക്കണം.

നിങ്ങളുടേത് പരിധിയുള്ള ചരിത്രവും ഭൂമിശാസ്ത്രവുമാണ്, ഇതിനെ ആരും വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവുമാണ് എന്ന് പറയില്ല. കുട്ടികൾക്ക് പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കണം, അപ്പോഴാണ് ഈ ഉയർന്ന പദവി ലഭിക്കുന്നത്. പരിധിയുള്ള ചരിത്രവും ഭൂമിശാസ്ത്രവും പഠിക്കുന്നതിലൂടെ പരിധിയുള്ള പദവി ലഭിക്കും. എന്നാൽ ഇവിടെ പരിധിയില്ലാത്തതാണ്. ഇതിൽ മൂന്നു ലോകങ്ങളുടെ ജ്ഞാനം വരുന്നുണ്ട്. ആരംഭത്തിൽ നിരാകാരി ലോകത്തിൽ ധാരാളം ആത്മാക്കൾ വസിച്ചിരുന്നു. അവസാനം എല്ലാ ആത്മാക്കളും താഴേക്ക് വരും. സൂക്ഷ്മവതന വാസിയായ ബ്രഹ്മാവ്, വിഷ്ണു, ശങ്കരന്റെയും പാർട്ടും ഇപ്പോഴാണ് ഉള്ളത്. അതിനാൽ നിങ്ങൾക്ക് അവരോട് ചോദിക്കാം നിങ്ങൾക്ക് അറിയാമോ സത്യയുഗത്തിൽ ലക്ഷ്മി നാരായണന്റെ രാജ്യമായിരുന്നു. പിന്നെ എന്താണ് സംഭവിച്ചത്? ത്രേതയുടെ അവസാനം വരെ ഒരെയൊരു ലക്ഷ്മി നാരായണന്റെ മാത്രം രാജ്യമാണോ ഉണ്ടായിരുന്നത്? എത്ര സമയം രാജ്യം ഭരിച്ചിരുന്നു അതോടൊപ്പം എത്ര വലിയ രാജ്യമാണ് ഭരിച്ചിരുന്നത്? ഇപ്പോഴാണെങ്കിൽ ഭൂമിയിലും ആകാശത്തിലും പോലും വിഭജനം നടത്തിയിരിക്കുകയാണ്, അവിടെ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. അവിടെ ഭാരതത്തിൽ പരിധിയില്ലാത്ത രാജ്യമായിരിക്കും ഉണ്ടാവുക. ഇപ്പോഴാണെങ്കിൽ എത്ര കഷ്ണങ്ങളായി മാറിയിരിക്കുന്നു. ഇതെല്ലാം കൂടിച്ചേർന്ന് ഒന്നായി തീരുക എന്നത് നടക്കില്ല. ഇപ്പോൾ ബാബ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും കേൾപ്പിക്കുകയാണ്. 84 ജന്മങ്ങളുടെ ചക്രത്തിൽ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും വരും അതോടൊപ്പം തീർച്ചയായും പവിത്രതയും വേണം. ഇപ്പോഴാണെങ്കിൽ പവിത്രതയും ശാന്തിയും സമ്പന്നതയും ഒന്നുമില്ല.

മനുഷ്യർ മനസ്സിലാക്കുകയാണ് സന്യാസിമാരുടെ അടുത്ത് പോകുന്നതിലൂടെ ശാന്തി ലഭിക്കും. ബാബ പറയുകയാണ് ശാന്തി നിങ്ങളുടെ കഴുത്തിലെ മാലയാണ്. വാസ്തവത്തിൽ ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണ്.  ആത്മാവ് എവിടെ വസിക്കുന്നതാണ്? അപ്പോൾ പറയും നിർവ്വാണധാമത്തിലാണ് വസിക്കുന്നത്. ആത്മാവിന്റെ സ്വധർമ്മം തന്നെ ശാന്തിയാണെങ്കിൽ ഗുരുക്കന്മാരിൽ നിന്നും എന്ത് ശാന്തിയാണ് ലഭിക്കുക? അശാന്തി നൽകുന്നത് മായയാണ്. എപ്പോഴാണോ ശ്രീമത്തിലൂടെ നടന്ന് ഈ മായയുടെ മുകളിൽ ജയിക്കുന്നത് അപ്പോൾ സത്യയുഗത്തിൽ പവിത്രതയുടേയും ശാന്തിയുടേയും സുഖത്തിന്റേയും സമ്പത്ത് പ്രാപ്തമാകും. ഞാൻ അശാന്തമാണ്, എനിക്ക് ശാന്തി വേണം എന്നൊന്നും അവിടെ ആരും പറയുകയില്ല. ഭാരതത്തിലാണ് പവിത്രതയും സുഖവും ശാന്തിയും ഉണ്ടായിരുന്നത്. ഇപ്പോൾ നിങ്ങൾ ശൂദ്രനിൽ നിന്നും മാറി ബ്രാഹ്മണനാവുകയാണ്.

ഇപ്പോൾ ഭാരതവാസികൾക്ക് നമ്മൾ ഏത് ധർമ്മത്തിലേതാണ് എന്നത് പോലും അറിയില്ല. നമ്മുടെ ധർമ്മം ആരാണ് രചിച്ചത്, എപ്പോഴാണ് രചിച്ചത് എന്നതും അറിയില്ല. ആദി സനാതന ദേവി ദേവതാ ധർമ്മത്തെ കുറിച്ചും ആർക്കുമറിയില്ല. ആര്യൻമാരും, അതിൽ വരാത്തവരും. ദേവതകളെ ഭഗവാൻ ഭഗവതി എന്നാണ് പറഞ്ഞിരുന്നത്, എന്തുകൊണ്ടെന്നാൽ സ്വയം ഭഗവാനാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തത്. പക്ഷെ അവരുടെ പേര് ദേവി ദേവതാ എന്നു തന്നെയാണ്. ആദി സനാതന ദേവി ദേവതാ ധർമ്മം ഭാരതത്തിലാണ് ഉണ്ടായിരുന്നത്, ഹിന്ദു ധർമ്മമല്ല ഉണ്ടായിരുന്നത്. മുഴുവൻ കാര്യങ്ങളും ബാബ മനസ്സിലാക്കി തരുകയാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ നമ്പർവാറായാണ് ഇത് ഇരിക്കുന്നത്. ധാരാളം കുട്ടികൾ ഇങ്ങനെയുമുണ്ട് ആഴ്ചയിൽ വളരെ കഷ്ട്പ്പെട്ട് ഒരു തവണയെങ്കിലും ഓർമ്മിക്കുന്നവർ. കൂട്ടുകെട്ട് ഇല്ലാത്തതുകൊണ്ടാണ് ഓർമ്മ മറക്കുന്നത്. ബ്രാഹ്മണരുടെ കൂട്ടുകെട്ടിൽ കഴിയണം. പരസ്പരം ജാഗ്രത ഉണർത്തി കൊടുക്കണം. ശൂദ്രന്മാരുടെ കൂട്ടുകെട്ടിലേക്ക് പോയാൽ അതിന്റെ പ്രഭാവം ഉണ്ടാകും. ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്ത് എടുക്കുന്നതിന് പൂർണ്ണമായും ബാബയെ അനുകരിക്കണം. കാര്യങ്ങളും ജോലികളും ചെയ്തുകൊണ്ടും ബാബയ്ക്ക് സത്യം എഴുതി കൊടുക്കണം ബാബാ ഞങ്ങൾ വ്യവഹാരങ്ങൾ ചെയ്തു കൊണ്ടും, ഫാക്ടറിയിൽ ജോലി ചെയ്തപ്പോൾ എത്ര സമയം ഓർമ്മയിൽ കഴിഞ്ഞു? അവരവരുടെ ഓർമ്മയുടെ ചാർട്ട് ബാബക്ക് എഴുതി കൊടുക്കണം അതിലൂടെ നിങ്ങൾ നല്ല പുരുഷാർത്ഥിയാണ് എന്ന് ബാബ മനസ്സിലാക്കും. ചിലർ ബാപ്ദാദക്ക് കത്ത് പോലും എഴുതുന്നില്ല. ബാബ മനസ്സിലാക്കുന്നുണ്ട് ചിലർ സതോപ്രധാന പുരുഷാർത്ഥം ചെയ്യുന്നുണ്ട്, ചിലർ രജോ, ചിലർ തമോവായി. തമോ ആയ പുരുഷാർത്ഥി ആണെങ്കിൽ അവർ സൂര്യവംശിയുടെ അടുത്ത് വന്ന് ജോലിക്കാരാകും. ധനവാന്മാരായ പ്രജകളുടെ സേവകരാകും. ആരാണോ ബാബയുടേതായി മാറിയതിന് ശേഷം അനേകർക്ക് ജ്ഞാനം കേൾപ്പിച്ച് ബാബയോട് യാത്ര ചോദിച്ച് പോയവർ..........അവരുടെ ദുർഗതി വളരെ മോശമായിരിക്കും, അവർക്ക് കുറഞ്ഞ പദവിയാണ് ലഭിക്കുക. ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്ത് എടുക്കുന്നതിന് കണക്ക് നോക്കൂ അപ്പോൾ ബാബ ഫലം നൽകും. പൂർണ്ണമായ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ മായ

പൂർണ്ണമായും വിഴുങ്ങും അതിനാൽ ബാബ പറയുകയാണ് കൂട്ടുകെട്ട് വളരെ അത്യാവശ്യമാണ്. കൂട്ടുകെട്ട് ഉണ്ടെങ്കിൽ അവർ ഈശ്വരീയ കുലത്തിലേതാണ് എന്ന് മനസ്സിലാക്കും. ബാബ മനസ്സിലാക്കി തരുകയാണ് ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് ജീവിച്ചോളൂ. അഥവാ അഗ്നി പിടിച്ചാൽ സമാപിക്കും. ബാബയ്ക്ക് ധാരാളം കുട്ടികൾ ഉണ്ട്. വരുകയും ചെയ്യുന്നുണ്ട്, മരിക്കുകയും ചെയ്യുന്നുണ്ട്. ഈശ്വരീയ ജന്മം ആസുരീയ ജന്മത്തേക്കാളും ഉയർന്നതാണ്.

ഇന്ന് കാലത്ത് ആസുരീയ ജന്മദിനം വളരെയധികം ആഘോഷിക്കുന്നുണ്ട്. അതിനെ നിർത്തി ഈശ്വരീയ ജന്മദിനം ആഘോഷിക്കാൻ ആരംഭിക്കണം അപ്പോൾ നിങ്ങൾ ഉറച്ചവരാകും. ബാബ നിർദേശം നൽകുകയാണ് പഴയ ജന്മദിനം ആഘോഷിക്കുന്നത് നിർത്തി പുതിയ ജന്മദിനം ആഘോഷിക്കണം. ഇന്ന് കാലത്ത് വിവാഹ ദിനവും ആഘോഷിക്കണം. അതും നിർത്തണം. മാറ്റം വരുത്തണം. ബാബ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികളോട് പറയുകയാണ് ഇത് പുതിയ കാര്യമൊന്നും അല്ല. നിങ്ങൾ അനേക പ്രാവശ്യം രാജ്യഭാഗ്യം നേടിയവരും നഷ്ടപ്പെടുത്തിയവരുമാണ്. കല്പകല്പം ബാബയുടെ അടുത്ത് ഒരു ജന്മം നൽകി 21 ജന്മങ്ങളിലേക്ക് സുഖം നേടുകയാണ് അതിനാൽ എന്തുകൊണ്ട് പവിത്രമായി ജീവിച്ചുകൂടാ. ബാബാ അങ്ങയുടെ ശ്രീമത്തിലൂടെ നടക്കാം. അരകല്പം ആസുരീയ മതത്തിലൂടെയാണ് നടന്നത്, അതിനാൽ ഇവിടെ വളരെ ജാഗ്രതയോടെ കഴിയണം. വളരെ ഉയർന്ന സമ്പത്താണ് ബാബ നൽകുന്നത്. സ്കൂളിൽ തോറ്റാൽ മുഖം മഞ്ഞളിക്കാറുണ്ട്. ഇവിടെയും വളരെ ശിക്ഷ അനുഭവിക്കേണ്ടി വരും. ബാബാ സാക്ഷാത്കാരം ചെയ്യിപ്പിക്കും. ഞാൻ സ്വയം പഠിപ്പിച്ചിരുന്നു അതോടൊപ്പം ശ്രീമത്തിലൂടെ നടക്കാൻ പറഞ്ഞത് കേട്ടില്ലല്ലോ. എത്ര മടങ്ങ്, 100 മടങ്ങ് ശിക്ഷ ലഭിക്കും കാരണം ബാബയുടെ സേവനത്തിലാണ് വിഘ്നം ഉണ്ടാക്കുന്നത്. ബാബയുടെ നിന്ദ ചെയ്യിപ്പിക്കുകയാണ്. ശ്രീമത്തിലൂടെ നടക്കുന്നവർ വളരെ മധുരമായിരിക്കും. ആരുടെയെങ്കിലും അടുത്ത് ക്രോധിക്കുകയാണെങ്കിൽ മനസ്സിലാക്കാൻ കഴിയും ഇവർ ആസുരീയ മതത്തിലാണ്. ചിലർ മനസ്സിലാക്കുന്നത് ഇങ്ങനെയാണ് ബാബ സഭയിൽ നമ്മുടെ മാനം കെടുത്തി, എല്ലാവരുടേയും മുന്നിൽ വെച്ച് പറഞ്ഞു. പരിധിയില്ലാത്ത ബാബ സർവ്വരുടേയും അഭിമാനത്തെ ഉയർത്തുകയാണ് ചെയ്യുന്നത്. ബാബയ്ക്ക് എത്രയധികം കുട്ടികളാണ് ഉള്ളത്. ഓരോരുത്തരോടും ഒളിഞ്ഞ് മനസ്സിലാക്കി കൊടുക്കുമോ? ബാബ സർവ്വരുടേയും മുന്നിൽ പറയും. ബാബയുടെ ശ്രീമത്തിലൂടെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠരാകും. തന്റെ ഇഷ്ടത്തിലൂടെ നടന്നാൽ വീണു പോകും. വീണ് വീണ് മരിക്കും. ഇവിടെയാണെങ്കിൽ ചിന്തയോട് ചിന്തകളാണ്. എവിടെയാണോ ചിന്തയുടെ പേര് പോലും ഇല്ലാത്തത് അവിടേക്കാണ് ബാബ കൊണ്ടു പോകുന്നത്. അതിനാൽ ശ്രീമത്തിലൂടെ നടക്കണം. പിന്നെ നിങ്ങൾ എന്താണോ ആഗ്രഹിക്കുന്നത് അതായി തീരുകയും ചെയ്യും. ശ്രീ ലക്ഷ്മിയെ വരിക്കാൻ ധൈര്യം വേണം. തന്റെ മുഖത്തെ കണ്ണാടിയിൽ നോക്കണം – നമ്മൾ എത്രത്തോളം യോഗ്യരായി മാറിയിട്ടുണ്ട്. ഏതുവരെ ജീവിക്കുന്നുവോ അതുവരെ ജ്ഞാനം കേൾക്കണം. നിങ്ങൾ ജഗദംബയുടെ കുട്ടികളാണല്ലോ. എന്താണോ മമ്മയുടെ മഹിമ അതായിരിക്കണം കുട്ടികളുടേതും. പിന്നെ ജഗദംബയാണ് മുഖ്യമായത്. 16000, 108 ന്റെയും മാലയുണ്ട്. രുദ്ര യജ്ഞം എപ്പോഴാണോ രചിച്ചിരിക്കുന്നത് അപ്പോൾ ലക്ഷകണക്കിന് സാലിഗ്രാമങ്ങളും ഒരു ശിവലിംഗവുമാണ് ഉണ്ടാക്കാറുള്ളത്. അതിനാൽ തീർച്ചയായും അവരെല്ലാം സഹായികളായിരിക്കുമല്ലോ. നിങ്ങൾ എല്ലാവരും ആത്മീയ യാത്ര ചെയ്യുന്നവരാണ്, ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്, സംഗമയുഗീ ബ്രാഹ്മണരാണ്. പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ പുതിയ രചനയെ രചിക്കുകയാണ്. ധർമ്മത്തിന്റെ കുട്ടികളാക്കുകയാണ്. നിങ്ങൾ ശൂദ്ര ധർമ്മത്തിൽ നിന്നും മാറി ബ്രഹ്മാ മുഖവംശാവലി ആവുകയാണ്. മായ വലിയ ശത്രുവാണ്. യോഗം ചെയ്യാൻ അനുവദിക്കില്ല. ബാബ പറയുകയാണ് ഞങ്ങളെ യോഗം ചെയ്യിപ്പിക്കൂ എന്നൊന്നും നിങ്ങൾ പറയരുത്. ഒരു ഭാഗത്ത് ഇരുന്ന് യോഗം ചെയ്യുന്നത് ശീലമായാൽ നടക്കുമ്പോഴും കറങ്ങുമ്പോഴും യോഗം ചെയ്യാൻ കഴിയാതാകും. പറയും ഞാൻ സഹോദരിയുടെ അടുത്ത് പോയി യോഗം ചെയ്തു വരാം എന്ന്. ബാബ പറയുകയാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ. സ്വർഗ്ഗത്തിന്റെ സാക്ഷാത്കാരവും നിങ്ങൾക്ക് കിട്ടിയിട്ടുണ്ടാകും. ബാബ ഇപ്പോൾ കൂടുതൽ കാണിച്ചു തരുന്നില്ല, ഇല്ലെങ്കിൽ പുതിയ കുട്ടികൾ മായാജാലമാണ് എന്ന ചിന്തിക്കും.

ഗീതത്തിൽ മമ്മയുടെ മഹിമയാണ് ഉണ്ടായിരുന്നത്. ബ്രഹ്മാവും മമ്മയാണ്. പക്ഷെ അമ്മമ്മാരെ സംരക്ഷിക്കുന്നതിന് വേണ്ടി ജഗദംബ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുകയാണ്. ഡ്രാമയിൽ അടങ്ങിയതാണ്. എല്ലാവരേക്കാളും ശക്തിശാലിയാണ്. മമ്മയുടെ മുരളി വളരെ രസകരമായിരുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം ശ്രീകൃഷ്ണൻ പോലും രാജകുമാരനിൽ നിന്നും ഇപ്പോൾ യാചകനായി മാറിയതാണ്(ശ്രീകൃഷ്ണന്റെ ചിത്രം നോക്കി) പറയൂ നീ എന്ത് കർമ്മം ചെയ്തതു കൊണ്ടാണ് സ്വർഗ്ഗത്തിലെ രാജകുമാരനായത്? തീർച്ചയായും അതിന് മുമ്പുള്ള ജന്മത്തിൽ രാജയോഗം പഠിച്ചിട്ടുണ്ടാകും. തീർച്ചയായും ബാബ തന്നെയാണ്

സ്വർഗ്ഗത്തിന്റെ രചയിതാവ്, ബാബയിൽ നിന്നായിരിക്കും പഠിച്ചതും.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ സേവനത്തിൽ വിഘ്ന രൂപമായി മാറരുത്. ശ്രീമത്തിലൂടെ നടന്ന് വളരെയധികം മധുരമാകണം, ആരോടും ക്രോധിക്കരുത്.

2) മായയിൽ നിന്നും രക്ഷപ്പെടുന്നതിന് കൂട്ടുകെട്ട് വളരെ ശ്രദ്ധിക്കണം, ശൂദ്രന്മാരുടെ കൂട്ടുകെട്ടിലേക്ക് പോവരുത്. ബാബയ്ക്ക് തന്റെ സത്യം സത്യമായ കണക്ക് കൊടുക്കണം. ഈശ്വരീയ ജന്മദിനം ആഘോഷിക്കണം, ആസുരീയ ജന്മദിനമല്ല.

## വരദാനം:- ബാപ്ദാദയുടെ സ്നേഹത്തിന് പകരം സമാനമായി മാറുന്ന തപസ്വീമൂർത്തിയായി ഭവിക്കട്ടെ.

സമയത്തിന്റെ പരിതസ്ഥിതിക്കനുസൃതമായി സ്വയത്തിന്റെ ഉന്നതിക്കും തീവ്രഗതിയിലൂടെയുള്ള സേവ ചെയ്യാനും ബാപ്ദാദയുടെ സ്നേഹത്തിന് പ്രതിഫലം കൊടുക്കുന്നതിനും വർത്തമാന സമയം തപസ്യയുടെ അത്യാവശ്യകതയുണ്ട്. ബാബയോട് കുട്ടികൾക്ക് സ്നേഹമുണ്ട്, പക്ഷെ ബാപ്ദാദ സ്നേഹത്തിന് മറുപടിയായി കുട്ടികളെ തനിക്കുസമാനമായിക്കാണാൻ ആഗ്രഹിക്കുന്നു. സമാനമാകുന്നതിന് വേണ്ടി തപസ്വീമൂർത്തിയാകൂ. ഇതിന് വേണ്ടി നാലുഭാഗത്തുമുള്ള തീരങ്ങളെ ഉപേക്ഷിച്ച് പരിധിയില്ലാത്ത വൈരാഗിയാകൂ. തീരങ്ങളെ ആശ്രയങ്ങളാക്കരുത്.

## സ്ലോഗൻ:- ശീതളമായി മറ്റുള്ളവർക്ക് ശീതളദൃഷ്ടിയിലൂടെ സായൂജ്യം കൊടുക്കുന്ന ശീതളയോഗിയായി ഭവിക്കട്ടെ.